വിശകലനം

●

ടി. മുഹമ്മദ് വേളം

# തടിയന്റവിട നസീർ എവിടെനിന്നാണ് പുറപ്പെടുന്നത്?

മറ്റുള്ളവർ തെറ്റു ചെയ്യുന്നു എന്നത് നമുക്ക് തെറ്റു ചെയ്യാനുള്ള ന്യായമല്ല. നഷ്ടങ്ങൾ സഹിച്ച് ശരി മാത്രം ചെയ്യുന്നവർ, നിയമം പാലിക്കുന്നവർ ആത്യന്തികമായി ഇവിടെയും അതിനപ്പുറത്തും വിജയിക്കുക തന്നെ ചെയ്യും. അധാർമികതകൾ താൽക്കാലികാശ്വാസങ്ങൾ ഒരു പക്ഷേ പ്രദാനം ചെയ്താലും ആത്യന്തികമായി പരാജയപ്പെടുക തന്നെ ചെയ്യും. ദൈവബോധമാണ് മതത്തിന്റെ ആത്മാവ്. ധാർമികതയാണ് അതിന്റെ ശരീരം.

**കളമശ്ശേരി** ബസ് കത്തിക്കൽ, തടിയന്റവിട നസീറും ലശ്കറെ ത്വയ്യിബ പ്രചാരണവും മുസ്‌ലിം സമൂഹത്തെ സംബന്ധിച്ചേടത്തോളം അകത്തേക്കും പുറത്തേക്കും ഒരുപാടു ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. കേരളത്തിൽ തീവ്രവാദ പ്രവർത്തനം നടക്കുന്നു എന്ന യാഥാർഥ്യമാണ് ഒന്നാമതായി ഇത് അനാവരണം ചെയ്യുന്നത്. ഇത് അബ്ദുന്നാസിർ മഅ്ദനിയുടെ രാഷ്ട്രീയ ജീവിതവും ജീവിതം തന്നെയും ഇല്ലാതാക്കാനും ഒപ്പം തങ്ങൾക്ക് ഇഷ്ടമില്ലാത്ത എല്ലാവരെയും തകർക്കാനുമുള്ള സുവർണാവസരമായി കാണുന്നതിനപ്പുറം വിശകലനം ചെയ്യാനുള്ള ധാർമിക ബാധ്യത കേരള മുസ്‌ലിം സമൂഹിക, രാഷ്ട്രീയ, മത നേതൃത്വങ്ങൾക്കുണ്ട്. അന്വേഷണം യഥാവിധി നടന്നാൽ ചെന്നെത്തുക മഅ്ദനിയുടെ കുപ്പായത്തിൽ മാത്രമല്ല. ഏതെങ്കിലും മത രാഷ്ട്രീയ നേതാക്കളുടെ ഭാവി നശിപ്പിച്ചതു കൊണ്ട് ഈ സിൻഡ്രോം

ചികിത്സിക്കപ്പെടാൻ പോകുന്നില്ല.

മക്കയിലെ കടുത്ത പീഡനത്തിന്റെ മറവിൽ സായുധ പ്രതിരോധത്തിനും പ്രത്യാക്രമണത്തിനും അനുവാദമില്ലെങ്കിൽ ചില പ്രഭൃതികളെ രഹസ്യമായി ഉന്മൂലനം ചെയ്യുന്നതിന് അനുവാദം തരണമെന്ന് അഭ്യർഥിച്ച് പ്രവാചക സഹചരിൽ ചിലർ അദ്ദേഹത്തെ സമീപിച്ചു. ഒരു പ്രത്യാക്രമണം നടത്തിയില്ലെങ്കിലും ചില ശത്രു നേതാക്കളെ ഗൂഢമായി ഉന്മൂലനം ചെയ്താൽ പീഡനത്തിന് വലിയ ആശ്വാസം ലഭിക്കുമെന്നായിരുന്നു അവരുടെ വിലയിരുത്തൽ. പക്ഷേ അതിന് മറുപടി പറഞ്ഞത് അല്ലാഹുവാണ്. "ശത്രുക്കളിൽ നിന്ന് വിശ്വാസികളെ പ്രതിരോധിക്കുന്നവൻ അല്ലാഹുവാകുന്നു. അവൻ വഞ്ചകരെയും നന്ദികെട്ടവരെയും ഒരിക്കലും ഇഷ്ടപ്പെടുന്നില്ല." (*അൽഹജ്ജ്* 38).

യുദ്ധത്തെയും സമാധാനത്തെയും പരസ്പരം കൂട്ടിക്കുഴക്കരുത് എന്നത് ഇസ്‌ലാമിന്റെ ധാർമിക ശാഠ്യങ്ങളിലൊന്നാണ്. എതിരാളികൾ കൂട്ടിക്കുഴക്കുന്നുണ്ടെങ്കിലും മുസ്‌ലിംകൾ ഏതോ ഒരു നിലപാട് പ്രഖ്യാപിക്കുകയും അതിൽ ഉറച്ചു നിൽക്കുകയും ചെയ്യണം. അതിന് എന്തു വില നൽകേണ്ടിവന്നാലും അത് ഉജ്ജ്വലമായി ഏറ്റെടുത്തതാണ് പൂർവ സൂരികളുടെ ചരിത്രം.

പൗരത്വം ഒരു കരാറാണ്. തടിയന്റവിട നസീർ ഉൾപ്പെടെയുള്ളവരെക്കുറിച്ച് പോലീസ് പറയുന്നത് ശരിയാണെങ്കിൽ, പൗരത്വത്തെ നികൃഷ്ടമായി വഞ്ചിക്കുകയാണവർ ചെയ്തത്. പ്രമുഖ ആധുനിക ഇസ്‌ലാമിക പണ്ഡിതനായ ലബനാനിലെ ഫൈസൽ മൗലവി പറയുന്നു: "പൗരബാധ്യതകളും അവകാശങ്ങളും ഒരുമിച്ചു കൊണ്ടുപോകാൻ കഴിയണം. അവകാശങ്ങൾ മാത്രം അനുഭവിച്ച് ബാധ്യതകളിൽനിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ല. പൗരത്വമെന്നത് രാഷ്ട്രവുമായുള്ള കരാറാണ്. രാഷ്ട്രത്തെ ചതിക്കാൻ മുസ്‌ലിമിന് അനുവാദമില്ല. നബി(സ) പ്രസ്താവിക്കുന്നു: 'എല്ലാ ചതിയന്മാർക്കും അടയാളമായി ഒരു കൊടിയുണ്ടാകും.' യുദ്ധപ്രഖ്യാപിത ശത്രുക്കളെ ചതിക്കുന്നതും അവരോടുള്ള കരാർ ലംഘിക്കുന്നതുപോലും ഇസ്‌ലാം കുറ്റകരമായാണ് കാണുന്നത്.

ഏതൊരു പൗരനും പൗരത്വ ബാധ്യതകൾ നിർവഹിക്കാൻ ബാധ്യസ്ഥനാണ്. അത് ലംഘിക്കുന്നയാൾ ശിക്ഷാവിധേയനാണ്. രാഷ്ട്രത്തിൽ പ്രാബല്യത്തിലുള്ള എല്ലാ നിയമങ്ങളും പാലിക്കാൻ അയാൾ ബാധ്യസ്ഥനാണ്. നികുതി കൊടുക്കണം... ഈ അടിസ്ഥാനത്തിലാണ് മറ്റുള്ളവർ അയാളോട് ഇടപഴകുക. ഒരാൾ മാതൃരാജ്യത്ത് ജീവിച്ചാൽ അതിന്റെ അർഥം അനുവദനീയവും നിയമാനുസൃതവുമായ ഒരു കാര്യം അയാൾ തെരഞ്ഞെടുത്തു എന്നാണ്."

മുസ്‌ലിംസമൂഹത്തിന്റെ ദേശക്കൂറ് ചോദ്യം ചെയ്യാൻ ശ്രമിക്കുക എന്നതാണ് ഇത്തരം സംഭവങ്ങളുടെയെല്ലാം പശ്ചാത്തലത്തിൽ അരങ്ങേറാറുള്ളത്. യഥാർഥത്തിൽ അവന്റെ ദേശക്കൂറിന് അവന്റെ മതബോധവുമായാണ് ബന്ധം.

ഇന്ത്യയിലെ പ്രമുഖ ഹദീസ് പണ്ഡിതനായിരുന്ന അൻവർഷാ കശ്മീരി 1977 ഡിസംബറിൽ പെഷവാറിൽ കൂടിയ ജംഇയ്യത്തുൽ ഉലമയുടെ പൊതുസമ്മേളന പ്രസംഗത്തിൽ, ഒരു മുസ്‌ലിം രാജ്യം ഇന്ത്യയെ ആക്രമിച്ചാൽ മുസ്‌ലിംകളുടെ നിലപാടെന്തായിരിക്കും എന്ന ചോദ്യമുദ്ധരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: "വളരെ തരംതാണ ഒരു ചോദ്യമാണിത്. ഇന്ത്യയിലെ മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കുമിടയിൽ (സ്വാതന്ത്ര്യത്തിനു ശേഷമുള്ള സാഹചര്യത്തിൽ മുസ്‌ലിംകൾക്കും ജനാധിപത്യ ഭരണകൂടത്തിനുമിടയിൽ–ലേഖകൻ) കരാർ നില

**നിയമബാഹ്യമായ പ്രതിരോധ വഴികൾ വേദനാ സംഹാരികളെപ്പോലെയാണ്. ഒരുപക്ഷേ അത് താൽക്കാലിക ഫലം നൽകിയേക്കും. മൊത്തത്തിൽ അത് ശരീരത്തെ ദുർബലപ്പെടുത്തുകയാണ് ചെയ്യുക. നിയമവിരുദ്ധ പ്രതിരോധങ്ങൾ ചിലപ്പോൾ താൽക്കാലിക ഫലങ്ങൾ നൽകിയേക്കും. പക്ഷേ അത് മൊത്തത്തിൽ രാഷ്ട്ര ശരീരത്തെ അനാരോഗ്യത്തിലേക്ക് നയിക്കുകയാണ് ചെയ്യുക. ആ അനാരോഗ്യത്തിന് വലിയ വില കൊടുക്കേണ്ടിവരിക രാജ്യത്തെ ന്യൂനപക്ഷ പിന്നാക്ക ദരിദ്ര ജനവിഭാഗങ്ങൾ തന്നെയായിരിക്കും.**

വിലുണ്ടെങ്കിൽ നിശ്ചയമായും മുസ്‌ലിംകൾ അത് പാലിക്കും. എന്നു മാത്രമല്ല, അത്തരമൊരു കരാർ നിലനിൽക്കുന്നേടത്തോളം ഒരു മുസ്‌ലിം രാഷ്ട്രത്തിനും ഇന്ത്യയെ ആക്രമിക്കാൻ അധികാരമില്ല. ഇന്ത്യൻ മുസ്‌ലിംകളുടെ രാഷ്ട്രവുമായുള്ള കരാറിനെ മാനിക്കാൻ മറ്റു രാഷ്ട്രങ്ങളിലെ മുസ്‌ലിംകൾ ബാധ്യസ്ഥരാണ്." റസൂൽ(സ) പറയുന്നു: "മുസ്‌ലിംകളുടെ കരാറുകൾ ഒന്നാണ്. ഒരു മുസ്‌ലിം മറ്റുള്ളവരുമായി വല്ല കരാറും ചെയ്താൽ അതിനെ ആദരിക്കൽ എല്ലാവരുടെയും കടമയാണ്" (ബുഖാരി 3180).

സംഘ്പരിവാർ ഈയിടെ കേരളത്തിൽ നടത്തിയ ഒരു കാമ്പയിനായിരുന്നു 'ആദ്യം രാജ്യം പിന്നെ മതം.' മുസ്‌ലിമിന് ഒന്നാമത്തെ വിഷയം മതം തന്നെയാണ്. രാജ്യവുമായുള്ള അവന്റെ ബന്ധത്തിന്റെ അടിത്തറ പോലും മതമാണ്. ആദ്യം രാജ്യം പിന്നെ മതം എന്ന് സംഘ്പരിവാർ പറയുമ്പോൾ അവർക്ക് രാഷ്ട്രം തന്നെയാണ് മതം. അഥവാ രാഷ്ട്രമാണ് ഞങ്ങളുടെ മതം, നിങ്ങളുടേതും അങ്ങനെ തന്നെയായിരിക്കണമെന്നാണ്. മുസ്‌ലിം രാജ്യത്തോട് കൂറുള്ളവനായിത്തീരുന്നത് അവൻ മതമുക്തനാവുമ്പോഴല്ല, മതപ്രതിബദ്ധതയുള്ളവനാകുമ്പോഴാണ്.

മുസ്‌ലിം സമൂഹത്തോടുള്ള ഭരണകൂടത്തിന്റെ വിവേചനങ്ങളും ഫാഷിസ്റ്റുകളുടെ ആക്രമണങ്ങളുമാണ് മുസ്‌ലിം തീവ്രവാദത്തിന് ഇന്ധനമാവാറുള്ളത്. എന്നാൽ ഇത്തരം വഴിവിട്ട പ്രതികരണങ്ങൾ ഭരണകൂടത്തിന്റെ കൂടുതൽ കടുത്ത പീഡനത്തിനും മറ്റും കാരണമായിത്തീരുകയും ചെയ്യുന്നു. അത് അവനെ വീണ്ടും കടുത്ത ഭീകരനാക്കി മാറ്റുന്നു. നീതിനിഷേധം തീവ്രവാദത്തിനും തീവ്രവാദം കൂടുതൽ കടുത്ത നീതിനിഷേധത്തിനും കാരണമാവുന്നു. ഇത് ചില മുസ്‌ലിംകൾ അകപ്പെട്ടിരിക്കുന്ന ഒരു വിഷമവൃത്തമാണ്. ഈ സമീപനത്തിൽ മാറ്റം വരുത്താത്തേടത്തോളം അവർക്ക് ഈ വിഷമവൃത്തത്തിൽനിന്ന് രക്ഷപ്പെടാൻ കഴിയില്ല. മറ്റുള്ളവർ നമ്മളോട് അതിക്രമം ചെയ്യുന്നില്ലേ, അപ്പോൾ നമുക്കെന്തുകൊണ്ട് തിരിച്ച് അതിക്രമം ചെയ്തുകൂടാ എന്നതാണ് അതിന്റെ യുക്തി. ഈ യുക്തികൊണ്ട് പ്രശ്നം പരിഹരിക്കപ്പെടുകയില്ലെന്നു മാത്രമല്ല കൂടുതൽ വഷളാവുകയാണ് എന്നതിന് ആർക്കും കാണാൻ കഴിയുന്ന അനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്.

അപ്പോൾ എങ്ങനെ ഈ വിഷമവൃത്തത്തിൽനിന്ന് പുറത്തുകടക്കും. വിശ്വാസിയുടെ അധിക ധാർമികതകൊണ്ട് മാത്രമേ ശത്രുവിന്റെ ഈ കെണിയിൽനിന്ന്

രക്ഷപ്പെടാൻ കഴിയൂ. മറ്റുള്ളവർ തെറ്റു ചെയ്യുന്നു എന്നത് നമുക്ക് തെറ്റു ചെയ്യാനുള്ള ന്യായമല്ല. നഷ്ടങ്ങൾ സഹിച്ച് ശരി മാത്രം ചെയ്യുന്നവർ, നിയമം പാലിക്കുന്നവർ ആത്യന്തികമായി ഇവിടെയും അതിനപ്പുറത്തും വിജയിക്കുക തന്നെ ചെയ്യും. അധാർമികതകൾ താൽക്കാലികാശ്വാസങ്ങൾ ഒരുപക്ഷേ പ്രദാനം ചെയ്താലും ആത്യന്തികമായി പരാജയപ്പെടുക തന്നെ ചെയ്യും. ദൈവബോധമാണ് മതത്തിന്റെ ആത്മാവ്. ധാർമികതയാണ് അതിന്റെ ശരീരം.

മുസ്‌ലിംതീവ്രവാദത്തെ ഭരണകൂടം തന്നെ സ്പോൺസർ ചെയ്യുന്നു, മുസ്‌ലിംസമൂഹത്തിന്റെ ഭാഗത്തുനിന്നുള്ള ഇത്തരം പ്രവർത്തനങ്ങൾക്ക് സാമ്രാജ്യത്വം സർവ സഹായവും ചെയ്തുകൊടുക്കുന്നു മുതലായ വസ്തുതകൾ ഇത്തിരി ബുദ്ധിയുള്ളവർക്ക് മനസ്സിലാവുന്ന വിധത്തിൽ ഇന്ന് വ്യക്തമാണ്. മുംബൈ ഭീകരാക്രമണം നടത്തിയതിൽ പാകിസ്താനും മുസ്‌ലിം മിലിറ്റന്റ് ഗ്രൂപ്പുകൾക്കും പങ്കുണ്ടായിരിക്കാം. പക്ഷേ അതിനേക്കാൾ പങ്ക് അതിൽ അമേരിക്കക്കുണ്ടായിരുന്നു എന്ന് ഇന്ന് വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. ഡേവിഡ് ഹെഡ്‌ലി അമേരിക്കൻ ചാരനാണെന്ന് ഇപ്പോൾ വ്യക്തമായി കഴിഞ്ഞിരിക്കുകയാണ്. അപ്പോൾ മുസ്‌ലിമിനെ കൊണ്ട് ഭീകര പ്രവർത്തനം ചെയ്യിക്കുന്നത് ഇസ്‌ലാമല്ല, അമേരിക്കയാണ്. രാജ്യത്തെ ഇസ്‌ലാമിക സംഘടനകളല്ല, ഭരണകൂടത്തിലെ തന്നെ മുസ്‌ലിംവിരുദ്ധ ഇന്റലിജൻസ് ലോബിയാണ്. അത് തിരിച്ചറിയാൻ കഴിയാത്ത, അതിൽ ചെന്നുവീഴാൻ മാത്രം ബുദ്ധിമോശമുള്ള തടിയന്റവിട നസീറുമാർ ഈ സമുദായത്തിലുണ്ട് എന്നതാണ് സമുദായത്തിന്റെ ദൗർഭാഗ്യം.

ഇന്ത്യയിൽ മുസ്‌ലിം തെറ്റ് ചെയ്താലും ഹിന്ദു തെറ്റ് ചെയ്താലും ഒരേ പ്രതികരണമല്ല എന്നത് ഒരു മൂർത്ത യാഥാർഥ്യമാണ്. ഇതിനെ മുസ്‌ലിം എങ്ങനെയാണ് നേരിടേണ്ടത്. ഈ വസ്തുത രാജ്യമനസ്സാക്ഷിയുടെ മുന്നിൽ ചൂണ്ടിക്കാണിക്കുകയും അതിനെതിരായി ബഹുജനാഭിപ്രായ രൂപീകരണത്തിന് രാജ്യത്തെ മതേതര വിശ്വാസികളുടെയും മാനവിക വാദികളുടെയും പിന്തുണയോടെ ശ്രമിക്കുകയും ചെയ്യണം. എന്നാൽ അപ്പോഴും പ്രശ്നം പൂർണമായി പരിഹരിക്കപ്പെട്ടുകൊള്ളണമെന്നില്ല. ഇത്തരം ബഹുജനാഭിപ്രായ രൂപീകരണ ശ്രമങ്ങൾ നടത്തുമ്പോൾ തന്നെ നേരത്തേ സൂചിപ്പിച്ച ഇസ്‌ലാം പ്രദാനം ചെയ്യുന്ന ശരാശരിക്കപ്പുറമുള്ള ഉയർന്ന ധാർമികതകൊണ്ട് മാത്രമേ അവനിതിനെ ഭേദിക്കാൻ കഴിയുകയുള്ളൂ. പ്രതികാരത്തിന്റെ കേവല യുക്തിവാദംകൊണ്ട് അവന് ഇതിൽനിന്ന് പുറത്തുകടക്കാൻ കഴിയില്ല.

ലിബിയയിൽ രണോത്സുകമായ കോളനിവിമോചന സമരത്തിന് നേതൃത്വം നൽകിയ പണ്ഡിതനാണ് ഉമർ മുഖ്താർ. ഇറ്റലിക്കാർ മുസ്‌ലിം പോരാളികളുടെ മൃതശരീരങ്ങൾ അംഗഭംഗം വരുത്തിയപ്പോൾ അതേ നാണയത്തിൽ തിരിച്ചടിക്കാൻ ശ്രമിച്ച അനുയായികളോട് അദ്ദേഹം പറഞ്ഞു: "നിങ്ങളുടെ ഗുരുക്കന്മാർ ഇറ്റലിക്കാരല്ല. അല്ലാഹുവും അവന്റെ പ്രവാചകനുമാണ്."

ഇവിടെ ധാർമികത മുസ്‌ലിമിന്റെ പ്രതിനിധാനത്തിന്റേയും അതിജീവനത്തിന്റേയും പ്രശ്നമാണ്. ഏതെങ്കിലും വിഭാഗം നിയമവിരുദ്ധമായി പ്രവർത്തിക്കുന്നു എന്നത് മുസ്‌ലിമിന് നിയമം കൈയിലെടുക്കാനുള്ള ന്യായമാകരുത്. രാജ്യത്ത് നിയമവാഴ്ച നിലനിൽക്കുക എന്നത് മറ്റാരേക്കാളും രാജ്യത്തെ ദുർബല ജനവിഭാഗങ്ങളുടെ ആവശ്യമാണ്. സമ്പന്നനും സവർണനും നിയമവാഴ്ച യഥാവിധി നിലനിന്നില്ലെങ്കിലും അവന്റെ കാര്യങ്ങൾ നടക്കും. അവൻ സുരക്ഷിതനായിരിക്കും. മറ്റാരേക്കാളും നിയമപരിരക്ഷ ആവശ്യമുള്ളത് അധഃസ്ഥിത മർദി

ത ജനവിഭാഗത്തിനാണ്. അതുകൊണ്ടുതന്നെ നിയമവാഴ്ചയുടെ ആയുരാരോഗ്യം വർധിപ്പിക്കുക എന്നത് മുസ്‌ലിം സമൂഹത്തിന്റെ പ്രധാന ബാധ്യതയാവണം. നിയമബാഹ്യമായ പ്രതിരോധ വഴികൾ വേദനാ സംഹാരികളെപ്പോലെയാണ്. ഒരുപക്ഷേ അത് താൽക്കാലിക ഫലം നൽകിയേക്കും. മൊത്തത്തിൽ അത് ശരീരത്തെ ദുർബലപ്പെടുത്തുകയാണ് ചെയ്യുക. നിയമവിരുദ്ധ പ്രതിരോധങ്ങൾ ചിലപ്പോൾ താൽക്കാലിക ഫലങ്ങൾ നൽകിയേക്കും. പക്ഷേ അത് മൊത്തത്തിൽ രാഷ്ട്ര ശരീരത്തെ അനാരോഗ്യത്തിലേക്ക് നയിക്കുകയാണ് ചെയ്യുക. ആ അനാരോഗ്യത്തിന് വലിയ വില കൊടുക്കേണ്ടിവരിക രാജ്യത്തെ ന്യൂനപക്ഷ പിന്നാക്ക ദരിദ്ര ജനവിഭാഗങ്ങൾ തന്നെയായിരിക്കും.

ഭീകരവാദത്തിനെതിരെ മുസ്‌ലിംസമൂഹം അതിശക്തമായി രംഗത്തുവരേണ്ടതുണ്ട്. പക്ഷേ അത് ഭീകരവാദത്തെക്കുറിച്ച് ഔദ്യോഗിക ഭാഷ്യങ്ങൾ അന്ധമായി വിശ്വസിച്ചുകൊണ്ടല്ല. നമ്മുടെ നാട്ടിലെ ഭീകരവാദം അമേരിക്കയും പാകിസ്താനും ഭരണകൂട ഉദ്യോഗസ്ഥ സമൂഹത്തിലെ ഒരു വിഭാഗവും കുറേ തീവ്രവാദികളും പരസ്പരം അറിഞ്ഞും അറിയാതെയും ഒരുമിച്ചു ചേർന്ന് നടത്തുന്ന ഒരു മൾട്ടി നാഷ്നൽ വ്യവസായമാണ്. സാമ്രാജ്യത്വം ഒരേസമയം നമ്മുടെ രാജ്യത്തെ തീവ്രവാദികളെയും ഭരണകൂടത്തെയും സഹായിക്കുകയാണ്. ഇതിലൂടെ അവരുടെ രണ്ടു ശത്രുക്കളെ ഒരുമിച്ച് തകർക്കാൻ കഴിയുമെന്നവർ കണക്കുകൂട്ടുന്നു. ഒരു രാജ്യമെന്ന നിലക്ക് ഇന്ത്യയെയും ഒരു ആഗോള ജനസമൂഹമെന്ന നിലക്ക് മുസ്‌ലിംകളെയും. ഈ കള്ളനും പോലീസും കളിയിൽ ഭരണകൂടം ജയിച്ചാലും തീവ്രവാദികൾ ജയിച്ചാലും അമേരിക്കക്ക് ലാഭമാണ്. കാരണം സാമ്രാജ്യത്വം ഈ കളിയിൽ തിരശ്ശീലക്ക് പിന്നിലാണ്. ഭീകരവാദത്തിന്റെ ഈ രാഷ്ട്രീയത്തെ തിരിച്ചറിയാൻ നമ്മുടെ ഒരു സ്ഥൂല രാഷ്ട്രീയത്തിനും സൂക്ഷ്മ രാഷ്ട്രീയത്തിനും കഴിയുന്നില്ല. ഭീകരവാദ ഭീകരാന്വേഷണ വ്യവസായത്തിന്റെ അടുക്കളകളെ അനാവരണം ചെയ്യാൻ നമ്മുടെ ഒരു മാധ്യമ പ്രവർത്തനത്തിനും സാധിക്കുന്നില്ലെന്നു മാത്രമല്ല അവരീ കൂട്ടുകെട്ടിലെ പ്രബലമായ ഒരു കണ്ണിയാണ്.

കുറവന്റെ കൈയിലെ കുരങ്ങനെ പോലെ നമ്മുടെ പോലീസുകാർ കൊണ്ടുനടക്കുന്ന തടിയന്റവിട നസീറിനെ ഇത്രകാലവും സംരക്ഷിച്ചത് പോലീസ് തന്നെയാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നായനാർ വധക്കേസിൽ പ്രതിചേർക്കപ്പെട്ടതിന്റെ പേരിൽ നസീറിനെ അറസ്റ്റ് ചെയ്യാൻ അയാളുടെ ഭാര്യവീട്ടിൽ

**ഡേവിഡ് ഹെഡ്‌ലി അമേരിക്കൻ ചാരനാണെന്ന് ഇപ്പോൾ വ്യക്തമായി കഴിഞ്ഞിരിക്കുകയാണ്. അപ്പോൾ മുസ്‌ലിമിനെ കൊണ്ട് ഭീകര പ്രവർത്തനം ചെയ്യിക്കുന്നത് ഇസ്‌ലാമല്ല, അമേരിക്കയാണ്. രാജ്യത്തെ ഇസ്‌ലാമിക സംഘടനകളല്ല, ഭരണകൂടത്തിലെ തന്നെ മുസ്‌ലിംവിരുദ്ധ ഇന്റലിജൻസ് ലോബിയാണ്. അത് തിരിച്ചറിയാൻ കഴിയാത്ത, അതിൽ ചെന്നുവീഴാൻ മാത്രം ബുദ്ധിമോശമുള്ള തടിയന്റവിട നസീറുമാർ ഈ സമുദായത്തിലുണ്ട് എന്നതാണ് സമുദായത്തിന്റെ ദൗർഭാഗ്യം.**

പോലീസ് വന്നിരുന്നു. അയാളെ പിടിച്ചുകൊണ്ടുപോയ പോലീസ് പിന്നീട് കുറച്ചു സമയം കഴിഞ്ഞ് ആ വീട്ടിൽവന്ന് അയാൾ രക്ഷപ്പെട്ടുകളഞ്ഞു എന്നു പറഞ്ഞു. ഈ സംഭവം വിവരിച്ച അയാളുടെ ഭാര്യാ മാതാവ് പറയുന്നത് പോലീസിന്റെ സഹായമില്ലാതെ അയാൾക്ക് രക്ഷപ്പെടാൻ കഴിയുമായിരുന്നില്ല എന്നാണ്. നസീറിനെ രക്ഷിച്ചത് ഇടതുപക്ഷമാണോ വലതുപക്ഷമാണോ എന്ന് കക്ഷിരാഷ്ട്രീയ വാക്പയറ്റിനപ്പുറം നസീറിനെ രക്ഷിച്ചത് ഇടതുകാലത്തെയും വലതുകാലത്തെയും കേരളാ പോലീസാണ്.

ഇത്തരമൊരു തലം അരങ്ങു തകർക്കുന്ന മഅ്ദനി വേട്ടക്കുമുണ്ട്. എന്റെ സുഹൃത്തിനെ ബൈക്ക് ഓടിക്കുന്നതിനിടയിൽ ഒരിക്കൽ പോലീസ് പിടിച്ചു. ലൈസൻസ് കാണിക്കാൻ പറഞ്ഞു. അവൻ ലൈസൻസ് കാണിച്ചു. ഡ്രൈവിംഗിൽ നിയമം തെറ്റിച്ചു എന്നു പോലീസ് പറഞ്ഞു. അത് ശരിയല്ല എന്നവൻ പറഞ്ഞു സ്ഥാപിച്ചു. അപ്പോൾ പോലീസുകാരൻ പറഞ്ഞു. എന്നാൽ കുഴപ്പമില്ല ഞാൻ ഹെൽമറ്റിന് ചാർജ് ചെയ്തുകൊള്ളാം. ഇതുപോലെ മഅ്ദനിയെ കുടുക്കിയേ തീരൂ എന്ന് പോലീസ് നേരത്തേ തീരുമാനിച്ചിരിക്കുന്നു എന്നു തോന്നിപ്പിക്കുന്നതാണ് പോലീസ് നടപടികൾ.

കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം പി.ഡി.പിയുമായി രാഷ്ട്രീയ സഖ്യമുണ്ടാക്കുമ്പോഴും പോലീസ് കസ്റ്റഡിയിലുള്ള പ്രതികൾ മഅ്ദനി പല കേസിലും പ്രതിയാണെന്ന് പറഞ്ഞുകൊണ്ടിരിക്കുന്നുണ്ടായിരുന്നു. അതിൽ ഒരാളായിരുന്നു മണി എന്ന യൂസുഫ്. പക്ഷേ തന്നെക്കൊണ്ട് പോലീസ് നിർബന്ധിച്ച് മഅ്ദനിയുടെ പേര് പറയിക്കുകയായിരുന്നു എന്ന് അയാൾ പിന്നീട് വെളിപ്പെടുത്തി. ഭരണത്തിലുള്ള ഇടതുപക്ഷം കേസ് ഫയലുകൾ പരിശോധിച്ച് അദ്ദേഹത്തിന്റെ നിരപരാധിത്വം ബോധ്യപ്പെട്ട ശേഷമാണ് മഅ്ദനിയുമായി സഖ്യം കൂടാൻ തീരുമാനിച്ചതെന്നാണ് അന്ന് ഇടതു നേതാക്കൾ സ്വകാര്യമായി വ്യക്തമാക്കിയത്. പക്ഷേ അപ്പോഴും പോലീസിൽ ഒരു വിഭാഗം തുടരുന്ന മഅ്ദനി വേട്ടയെ അഭിമുഖീകരിക്കാൻ ഇടതുപക്ഷം വിസമ്മതിച്ചു. അതിന്റെ വിലയാണ് അവർ ഇപ്പോൾ ഒടുക്കിക്കൊണ്ടിരിക്കുന്നത്.

പാകിസ്താനിൽ ഓരോ ദിവസവും പൊട്ടിത്തെറിക്കുന്നത് ആരുടെ സാധനമാണ്? അതിനു പിന്നിൽ ആരുടെ കരങ്ങളാണ്? പാക് താലിബാൻ എന്ന കൊലയാളി സംഘം ആരുടെ വളർത്തു പുത്രനാണ്. ഇന്ത്യക്കും പാകിസ്താനും ശത്രുവായിരിക്കെതന്നെ അവർക്ക് അവരറിയാത്ത വല്ല പൊതുശത്രുക്കളുമുണ്ടോ?

കോസ്റ്റ് ഗാർഡ് രൂപീകരണത്തിൽ പങ്കാളിയാവുകയും വെസ്റ്റ് ബംഗാളിലെ ഹാൽഡിയയിൽ ഏറെക്കാലം ആ സേനയുടെ അമരക്കാരനായി ഇരിക്കുകയും ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ തലവനായി വിരമിക്കുകയും ചെയ്ത പ്രഭാകരൻ പലേരി പറയുന്നു: "പുറത്തുനിന്ന് വല്ലവരും ആക്രമിക്കാൻ വരികയാണെങ്കിൽ അതിനെ തടുക്കാനുള്ള എല്ലാ കഴിവും നമുക്കുണ്ട്. എന്തുകൊണ്ട് അത് ചെയ്യുന്നില്ല എന്നതിൽ മാത്രമേ അത്ഭുതപ്പെടേണ്ടതുള്ളൂ." ഇന്ത്യയിൽ ഏതു ഭീകര പ്രവർത്തനം നടന്നാലും അതിന്റെ ഉത്തരവാദിത്വം പാകിസ്താനാണെന്ന വാദം ശരിയാണോ എന്ന ചോദ്യത്തിനുത്തരമായി അദ്ദേഹം പറയുന്നു: "പാകിസ്താനിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. ഇന്ത്യയുടെ നാശം കാത്തിരിക്കുന്ന എത്രയോ രാജ്യങ്ങളുണ്ട്. സൗഹൃദം നടിച്ചു നിൽക്കുന്ന രാജ്യങ്ങളെയാണ് ഏറ്റവും കൂടുതൽ ഭയക്കേണ്ടത്. ഇന്ത്യയുടെ തകർച്ച കാത്തിരിക്കുന്ന, അതി

നായി അവിശ്രമം ശ്രമിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളുടെ പേര് എന്റെ നാവിൻ തുമ്പിലുണ്ട്. അത് പറയില്ല. രണ്ടാണ് കാരണം. ഒന്ന്, അതിനു നിരത്താൻ വ്യക്തമായ തെളിവുകൾ വേണം. രണ്ട്, ഞാൻ ഇപ്പോൾ അത് പറയുന്നത് ശരിയല്ല. എങ്കിലും അതുണ്ട് എന്നത് വാസ്തവം. നമ്മുടെ പ്രധാന ശത്രു ആരാണ്? പാകിസ്താൻ? എന്തിനു പാകിസ്താനു നേരെ വിരൽ ചൂണ്ടുന്നു. അത് തെറ്റായ നിഗമനമാണ്. പാകിസ്താൻ വേറെ ശക്തികളുടെ അടിമയായി, വേറെ ശക്തികൾക്കു വേണ്ടി പ്രവർത്തിക്കുകയാണ്. ഇതാണ് ഞാൻ നേരത്തെ പറഞ്ഞത്. ഇന്ത്യയിലെ ജനങ്ങൾ ഉപരിപ്ലവമായാണ് കാര്യങ്ങളെ കാണുന്നതെന്ന്. ഇന്ത്യയുടെ വളർച്ചയിൽ പലർക്കും ഭയമാണ്. അവർ നമ്മെ നശിപ്പിക്കാൻ പല മാർഗവും നോക്കും. പണ്ട് പാകിസ്താനും ചൈനയും യുദ്ധം ചെയ്തു. ഇന്ന് യുദ്ധത്തിന്റെ സാധ്യത കുറവാണ്. വേറെ ചിലർ നമ്മുടെ കൃഷി നശിപ്പിക്കാൻ ഭക്ഷ്യ സഹായം നൽകി. ഭക്ഷ്യസാധനങ്ങൾ സൗജന്യമായി കിട്ടുമ്പോൾ എല്ലാവരും ഉദാസീനരാവുമല്ലോ?" (*കലാകൗമുദി* 2009 ഡിസംബർ 20).

ഭീകരവാദത്തിന്റെ പേരിൽ മുസ്‌ലിം സമുദായത്തെ വേട്ടയാടുന്നതിലൂടെ അതിന്റെ പിന്നിലെ യഥാർഥ ശക്തികളെ സമർഥമായി മറച്ചുവെക്കാൻ തൽപര കക്ഷികൾക്ക് സാധിക്കുന്നു. ഇതിനർഥം ഇതിൽ പ്രതികളായ മുസ്‌ലിംകളെല്ലാം നിരപരാധികളാണെന്നല്ല. അവരുടെ വന്യവികാരങ്ങളെ ഉപയോഗപ്പെടുത്തി വലിയ അജണ്ട നടപ്പാക്കുന്ന ആഭ്യന്തര വൈദേശിക ശക്തികൾ രക്ഷപ്പെടുന്നു എന്നു മാത്രമാണ്. ഈ അവിവേകികൾ ഒരു സമുദായത്തെ മൊത്തം നോൺ അറസ്റ്റഡ് പുള്ളികളായി പിടിക്കാൻ അവസരമൊരുക്കിക്കൊടുക്കുകയാണ്. ഇതുതന്നെയാണ് ഇവരുടെ പിന്നിലുള്ളവരുടെ താൽപര്യം.

ഓരോ സംഭവമുണ്ടാകുമ്പോഴും നമ്മുടെ സ്ക്രീനിലും പേജിലും മുസ്‌ലിംകൾ എത്രവേഗമാണ് കുറ്റപ്പത്രത്തിൽ പ്രത്യേകം പേരില്ലാത്ത പൊതു കുറ്റവാളികളായി മാറുന്നത്. മുസ്‌ലിം മാനേജ്മെന്റിലുള്ള പത്രങ്ങൾ ഒരു രാത്രി കഴിഞ്ഞ് സൂര്യനുദിക്കുമ്പോഴേക്ക് നമ്മുടെ മാധ്യമനിരൂപകർക്ക് മുസ്‌ലിം പത്രമായി മാറുന്നു! പക്ഷേ നമ്മുടെ നാട്ടിൽ ഒറ്റ ഹിന്ദു പത്രവും നായർ പത്രവുമില്ല. ദേശീയ പത്രം മാത്രമേയുള്ളൂ. പ്രശസ്ത എഴുത്തുകാരൻ സക്കറിയ പറഞ്ഞതുപോലെ "ഒരുപക്ഷേ മലയാളി സമൂഹം ഇന്നഭിമുഖീകരിക്കുന്ന ഏറ്റവും ഗുരുതരമായ സാംസ്കാരിക രാഷ്ട്രീയ ഭീഷണി മാധ്യമങ്ങളുടെ ഹൃദയശൂന്യമായ വർഗീയ അജണ്ട തന്നെയാണ്."

കേരളത്തിൽ മുസ്‌ലിംകൾ നടുനിവർത്തി നിന്ന് ഏറെ ചെറുതെങ്കിലും വളരെ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാൻ പോന്ന സമൂഹത്തിലെ തീവ്രവാദ പ്രവണതയെ നേരിടണം. ഓരോ സംഘടനക്കും അവരുടെ മത വ്യാഖ്യാന ശൈലിയനുസരിച്ച് ഇതിനെതിരെ സമുദായത്തെ പൊതുവിലും പ്രവർത്തകരെ സവിശേഷമായും പ്രബോധിപ്പിക്കണം. അതിനു പകരം ഭീകരവാദത്തിന്റെ കാറ്റും കോളുമുണ്ടാകുമ്പോഴെല്ലാം അങ്ങേയറ്റം നിരുത്തരവാദപരമായി, ഇതിനകം അനേകം വാള്യങ്ങൾ പുറത്തിറങ്ങിക്കഴിഞ്ഞ മൗദൂദി തെറിപ്പാട്ട് പിന്നെയും പാടിയതുകൊണ്ട് പ്രത്യേകിച്ച് പ്രയോജനമൊന്നുമില്ല. മൗദൂദിയോട് നാം എത്ര വിയോജിച്ചാലും തീവ്രവാദം ഒരു അധാർമിക വ്യവസായമാണെന്ന് ഏറ്റവും നന്നായി തിരിച്ചറിഞ്ഞ ആധുനിക ഇസ്‌ലാമിക പണ്ഡിതനും നായകനുമാണദ്ദേഹം. ■